പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 981

12.6.2014 ലെ മറുപടിക്ക്

അദ്ധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>,, പാലോട് രവി<br>,, കെ.അച്ചുതൻ<br>,, സണ്ണി ജോസഫ് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) അദ്ധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ;<br>(ബി) അദ്ധ്യാപകപാക്കേജ് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) & (ബി) ഉണ്ട്. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ലംഘിച്ച്കൊണ്ട് മാനേജർമാർ നടത്തിയ നിയമനങ്ങൾ കാരണം അംഗീകാരമില്ലാതെയും ശമ്പളമില്ലാതെയും ജോലിചെയ്തിരുന്ന അദ്ധ്യാപകരുടെയും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനവും പുനർവിന്യാസവും ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിനുമായാണ് അദ്ധ്യാപക പാക്കേജിന് രൂപം നൽകിയത്. |
| (സി) പാക്കേജിലെ പ്രധാനവിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) പാക്കേജിന് രൂപംനല്കി പുറപ്പെടുവിച്ച 1.10.2011 ലെ ജി.ഒ (പി)199/11/പൊവിവ നമ്പർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) അദ്ധ്യാപകപാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2813 |

അദ്ധ്യാപകർക്ക് അംഗീകാരം
നല്കി ശമ്പളം നൽകി. കൂടാതെ
തസ്തികയില്ലാതെ സർവ്വീസിൽ
തുടർന്ന 134 സ്പെഷ്യലിസ്റ്റ്
അദ്ധ്യാപകർ, കുട്ടികളുടെ കുറവ്
മൂലം പുറത്തുപോയ 51
സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ,
1159 റിട്രെഞ്ച്ഡ് ടീച്ചേഴ്സ്,
പഞ്ചായത്ത് സ്കൂളുകളിലെ
ശമ്പളമില്ലാതെ ജോലി
ചെയ്തിരുന്ന 4 പേർ, പഞ്ചായത്ത്
സ്കൂളുകളിൽ കുട്ടികളുടെ കുറവ്
മൂലം പുറത്തുപോയ
11 അദ്ധ്യാപകർ,സ്പെഷ്യൽ
സ്കൂളുകളിലെ ശമ്പളമില്ലാതെ
ജോലിചെയ്തിരുന്ന 4
അദ്ധ്യാപകർ എന്നിവർക്ക്
നിയമനാംഗീകാരം
നൽകിയിട്ടുണ്ട്

സെക്ഷൻഓഫീസർ